## പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:516　　11.12.2012 ലെ മറുപടിക്ക്

### ജലഗതാഗത വകുപ്പിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കോലിയക്കോട് എൻ.കൃഷ്ണൻനായർ: | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ ജലഗതാഗത വകുപ്പിന്റെ പ്രവർത്തനങ്ങളിലെ അപാകതകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) യും (ബി) യും | ഇല്ല. സംസ്ഥാന ജലഗതാഗത വകുപ്പിന്റെ പ്രവർത്തനങ്ങൾ പരമാവധി കുറ്റമറ്റതാക്കാനുള്ള പരിശ്രമങ്ങൾ വകുപ്പ് നടത്തി വരുന്നതിന്റെ ഭാഗമായി ഷെഡ്യൂളുകളുടെ എണ്ണം വർദ്ധിപ്പിക്കാനും റിപ്പയർ പണികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ആധുനിക രീതിയിലുള്ള സ്ലിപ് വേയുടെ നിർമ്മാണം ആലപ്പുഴയിലും എറണാകുളത്തും നടത്തി. അതുപോലെ കെഐവി റൂൾ 2010 അനുശാസിക്കുന്ന പ്രകാരം ലൈഫ് ജാക്കറ്റുകൾ ഉൾപ്പെടെയുള്ള ജീവൻ രക്ഷാ ഉപകരണങ്ങൾ ബോട്ടിൽ ക്രമീകരിക്കുകയും യാത്രക്കാർക്കും ജീവനക്കാർക്കും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുകയും ചെയ്തു. സി.യു.ജി ഫോൺ സംവിധാനത്തിലൂടെ വാർത്താവിനിമയ സൗകര്യം ഉപയോഗപ്പെടുത്തി സർവ്വീസ് കൂടുതൽ കാര്യക്ഷമമാക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ അത് പരിഹരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | | |

| | | | |
|---|---|---|---|
| | | | ആധുനിക വത്കരണത്തിന്റെ ഭാഗമായി എല്ലാ സ്റ്റേഷനുകളിലും കംപ്യൂട്ടർ സ്ഥാപിക്കുകയും ടിക്കറ്റ് വെൻഡിംഗ് മെഷീൻ സ്ഥാപിക്കുകയും ചെയ്തു. ടൂറിസം മേഖലയിലും സർവ്വീസ് നടത്താൻ സാധിച്ചിട്ടുണ്ട്. കൂടാതെ കാലപ്പഴക്കമുള്ള ബോട്ടുകൾ മാറ്റി പകരം ബോട്ടുകൾ നൽകുകയും ചെയ്തു. |
| (സി) | വകുപ്പിന്റെ പ്രവർത്തനങ്ങൾ പഠിക്കാൻ നിയോഗിച്ച നാറ്റ്പാക് സംഘം സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ? എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ ; | (സി) യും (ഡി) യും | 9.1.2012 ലെ ജി.ഒ(ആർ.ടി) നം. 14/2012 /ട്രാൻ ഉത്തരവ് പ്രകാരം ടിക്കറ്റ് ചാർജ്ജ് വർദ്ധനവും വകുപ്പ് നേരിടുന്ന വിവിധ പ്രശ്നങ്ങളും പഠിക്കുകയും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടെയാണ് നാറ്റ്പാക്ക് പഠനം നടത്തിവരുന്നത്. 2012 ആഗസ്റ്റ് മാസത്തിൽ നാറ്റ്പാക്ക് പഠനം ആരംഭിച്ചു. റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| (ഡി) | പഠന റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ